**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5246** **12-08-2021 - ൽ മറുപടിയ്ക്ക്**

**ലാപ്ടോപ്പ് അനുവദിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. കുട്ടികളുടെ പഠനത്തിനായി കുടുംബശ്രീ മുഖേന ലാപ്ടോപ്പ് അനുവദിക്കുന്ന പദ്ധതിയുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (എ) | കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി പ്രകാരം കുടുംബശ്രീ വെബ് പോർട്ടലിൽ ഇതുവരെ 95,297 കുടുംബശ്രീ അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ലാപ്ടോപ്പ് തെരഞ്ഞെടുത്തിട്ടുള്ളവർ 68,498 അംഗങ്ങളും കെ.എസ്.എഫ്.ഇ. യിൽ അക്കൗണ്ട് തുടങ്ങിയിട്ടുള്ളവർ 62,478 അംഗങ്ങളുമാണ്. അതിൽ 61,981 പേർക്കുള്ള ലാപ്ടോപ്പുകൾക്ക് പർച്ചേയ്സ് ഓർഡർ നൽകിയിട്ടുണ്ട്. ഇതിനകം 5180 ലാപ്ടോപ്പുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 1235 എണ്ണം കൂടി വിതരണം ചെയ്തുവരുന്നുണ്ട്. പർച്ചേയ്സ് ഓർഡർ നൽകിയതു പ്രകാരം ജൂലായ് മാസം 45,128 ലാപ്ടോപ്പുകൾ ലഭ്യമാകേണ്ടതായിരുന്നു. എന്നാൽ കോവിഡ് സാഹചര്യം മൂലം ലാപ്ടോപ്പ് ഘടകങ്ങൾ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ HP, LENOVO എന്നീ ലാപ്ടോപ്പ് കമ്പനികൾ ലാപ്ടോപ്പ് വിതരണം ചെയ്യുവാൻ വൈകുന്ന സാഹചര്യം നിലവിലുണ്ട്. ഒക്ടോബർ മാസത്തോടെ മാത്രമേ ബാക്കിയുള്ള ലാപ്ടോപ്പുകൾ വിതരണം ചെയ്യാൻ സാധിക്കുകയുള്ളു എന്ന് HP കമ്പനി അറിയിച്ചിട്ടുണ്ട്. എന്നാൽ LENOVO കമ്പനി എന്ന് വിതരണം നടത്താനാകുമെന്ന് ഉറപ്പ് നൽകിയിട്ടില്ല. കൂടാതെ COCONICS കമ്പനി വിതരണം ചെയ്ത ലാപ്ടോപ്പുകൾ തകരാറാവുന്ന സാഹചര്യം നിലവിലുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ലാപ്ടോപ്പുകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിലും കമ്പനികൾ ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യുവാൻ വൈകുന്ന സാഹചര്യത്തിലും പദ്ധതിയിൽ പുനഃക്രമീകരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതുപ്രകാരം ഗുണഭോക്താക്കൾക്ക് പൊതുവിപണിയിൽ നിന്നും ഇഷ്ടമുള്ള ലാപ്ടോപ്പ്/ ടാബ്ലറ്റ് വാങ്ങി ആയതിന്റെ ഇൻവോയ്സ്/ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | ലാപ്ടോപ്പിന്റെ/ ടാബ്ലറ്റിന്റെ വില അല്ലെങ്കിൽ പരമാവധി 20,000/- രൂപ ഏതാണോ കുറവ് ആ തുക വായ്പയായി കെ.എസ്.എഫ്.ഇ അനുവദിക്കുന്നതാണ്. ലാപ്ടോപ്പ് ലഭ്യമാകാൻ കാലതാമസം ഉണ്ടാകുമെന്ന് അറിയിച്ച ശേഷവും ആയത് വാങ്ങാൻ തയ്യാറാവുന്ന ഉണഭോക്താക്കൾക്ക് ലാപ്ടോപ്പ് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഇനിയും അർഹതയുള്ള മുഴുവൻ ആളുകളേയും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പദ്ധതിയിൽ ചേർന്നതിനു ശേഷം ലാപ്ടോപ്പിന് അർഹത നേടിയ എല്ലാ അംഗങ്ങൾക്കും പുതിയ പദ്ധതി പ്രകാരം മേൽപ്പറഞ്ഞ വായ്പയ്ക്ക് അർഹതയുണ്ടായിരിക്കും. എന്നാൽ പുതിയതായി അംഗങ്ങളെ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ